ഡോ. കെ. മുഹമ്മദ്, പാണ്ടിക്കാട്

# അമിത പ്രശംസയുടെ അപകടം

عن ابنِ عَبَّاسٍ رضي الله عنهما سَمِعَ عُمَرَ رضي الله عنه يَقُولُ عَلَى المِنْبَرِ: سَمِعْتُ النَّبِيَّ صَلّى الله عَلَيْه وَسَلّم
يَقُولُ: لاَ تُطْرُونِي كَمَا أَطْرَتِ النَّصَارَى ابْنَ مَرْيَمَ، فَإِنَّمَا أَنَا عَبْدُهُ، فَقُولُوا: عَبْدُ اللَّهِ وَرَسُولُهُ (أخرجه البخاري)

**ഇബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം. ഉമർ(റ) മിമ്പറിൽ കയറി ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു: നബി(സ) പറഞ്ഞതായി ഞാൻ കേട്ടിരിക്കുന്നു; 'ക്രിസ്ത്യാനികൾ മർയം പുത്രനെ സ്നേഹിച്ചതു പോലെ നിങ്ങളെന്നെ അമിതമായി സ്നേഹിക്കരുത്. ഞാനൊരു അടിമ മാത്രമാണ്. പറയുക: അല്ലാഹുവിന്റെ അടിമ, അല്ലാഹുവിന്റെ റസൂല്' (ബുഖാരി).**

മുഹമ്മദ് നബി (സ) ഏറെ ഇഷ്ടപ്പെട്ട നാമമായിരുന്നു അബ്ദുല്ല അഥവാ 'അല്ലാഹുവിന്റെ അടിമ.' അല്ലാഹുവിന്റെ ദാസൻ എന്ന വിശേഷണം തിരുദൂതർക്ക് ഏറെ ഉത്തേജനവും ആവേശവും പകർന്നിരുന്നു. യഥാർഥത്തിൽ സകലരും അല്ലാഹുവിന്റ ദാസന്മാരാണെങ്കിലും, നിർബന്ധിതമായ ഈ ഉബൂദിയ്യത്തിനപ്പുറം അല്ലാഹുവിന്റെ അടിമത്തത്തെ സർവാത്മനാ സമ്മതിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നു എന്നതാണ് മുസ്‌ലിമിന്റെ മഹത്വം.

വിശുദ്ധ ഖുർആനിൽ അല്ലാഹു തന്നെ മുഹമ്മദ് നബി(സ)യെ 'അബ്ദുല്ല' എന്ന് വിശേഷിപ്പിക്കുന്നുണ്ട് (72:19).

മറ്റൊരു പ്രവാചകനും നൽകപ്പെടാത്ത അമാനുഷികാത്ഭുതമായ ആകാശാരോഹണത്തെ കുറിച്ച് പറഞ്ഞപ്പോൾ തന്റെ ദാസനെ (بِعَبْدِهِ) എന്നാണ് അല്ലാഹു വിശേഷിപ്പിച്ചത് (ഖുർആൻ 17: 1).

വിശുദ്ധ ഖുർആനെ കുറിച്ച് സന്ദേഹിക്കുന്നവരെ വെല്ലുവിളിച്ചപ്പോഴും مِّمَّا نَزَّلْنَا عَلَىٰ عَبْدِنَا (നമ്മുടെ ദാസന് അവതരിപ്പിച്ചിട്ടുള്ള) എന്നാണ് പ്രയോഗിച്ചത് (2:23).

*അൽകഹ്ഫ്*: 1, *അൽഫുർഖാൻ*: 1, *അസ്സുമർ*: 36, *അന്നജ്മ്*: 10, *അൽഹദീദ്*: 9 എന്നീ വാക്യങ്ങളിലും മുഹമ്മദ് നബി(സ)യെ عَبْدُهُ (അല്ലാഹുവിന്റെ ദാസൻ) എന്നാണ് വിളിച്ചത്. അല്ലാഹുവിന്റെ റസൂൽ (رسوله) എന്നതിന്റെ മുമ്പ് തന്നെ അല്ലാഹുവിന്റെ ദാസൻ (عبده) എന്നാണ് ഇസ്‌ലാമിന്റെ സാക്ഷ്യമൊഴി (ശഹാദത്ത്)യിലുള്ളത്. നബി(സ) അല്ലാഹുവിന്റെ അടിമ എന്ന വിശേഷണത്തെ ഏറെ ഇഷ്ടപ്പെടാനുള്ള കാരണവും ഇതു തന്നെയായിരിക്കണം.

റസൂലിന്റെ വാക്കുകളിൽനിന്നും ഇക്കാര്യം ഗ്രഹിക്കാനാവും: 'അടിമ തിന്നുന്നതു പോലെയാണ് ഞാൻ തിന്നുന്നത്. അടിമ ഇരിക്കുന്നത് പോലെയാണ് ഞാൻ ഇരിക്കുന്നത്. ഞാനൊരു അടിമ മാത്രമാണ്' (തിർമിദി).

കാലിൽ നീരു വരുന്നതുവരെ നിന്ന് നമസ്കരിച്ചതിനെ കുറിച്ച് ചോദിച്ചപ്പോൾ നബി(സ)യുടെ മറുപടി ഇപ്രകാരമായിരുന്നു: 'ഞാനൊരു നന്ദിയുള്ള ദാസനാകേണ്ടതില്ലേ.....?'

താങ്കളെ രാജാവായ റസൂലാക്കണമോ അടിമയായ റസൂലാക്കണമോ എന്ന അല്ലാഹുവിന്റെ ചോദ്യത്തിന് തിരുദൂതരുടെ മറുപടി ഇപ്രകാരമായിരുന്നു: 'റസൂലായ ദാസൻ' (അഹ്മദ്).

അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) പറഞ്ഞു: ''അല്ലാഹുവിന്റെ റസൂൽ ഒരു ഖുത്ബയിൽ ഇപ്രകാരം പ്രസംഗിച്ചു: 'അല്ലാഹു തന്റെ ദാസനോട് ദുൻയാവാണോ അവന്റെ അടുക്കലുള്ളതാണോ വേണ്ടതെന്ന് ചോദിച്ചു. അപ്പോൾ ആ ദാസൻ അല്ലാഹുവിന്റെ അടുക്കലുള്ളതിനെ തെരഞ്ഞെടുത്തു.' ഇതു കേട്ടപ്പോൾ അബൂബക്ർ (റ) കരഞ്ഞു. അദ്ദേഹത്തിന്റെ കരച്ചിലിൽ ഞങ്ങൾക്ക് അത്ഭുതം തോന്നി. അതേ, ആ ദാസൻ റസൂലായിരുന്നു. അബൂബക്ർ ഞങ്ങളിൽ ഏറെ അറിവുള്ളയാളായിരുന്നു' (ഇബ്നു ഹിബ്ബാൻ).

നിങ്ങളുടെ പേരുകളിൽ അല്ലാഹുവിന് ഏറെ ഇഷ്ടമുള്ളത് അബ്ദുല്ലയും അബ്ദുർറഹ്മാനുമാണെന്ന് തിരുദൂതൻ (സ) സ്വഹാബികളോട് പറയുമായിരുന്നു (മുസ്‌ലിം).

ചുരുക്കത്തിൽ, അല്ലാഹുവിനുള്ള അടിമത്തത്തിലും സമർപ്പണത്തിലും തൃപ്തിയടയുകയും അതിൽ അഭിമാനിക്കുകയും ചെയ്യുമ്പോഴാണ് ഒരാൾക്ക് യഥാർഥ വിശ്വാസിയാകാനാവുക എന്നതാണ് അല്ലാഹുവിന്റെ റസൂൽ പഠിപ്പിച്ച പാഠങ്ങളിൽ പ്രധാനം.

കവി ഖാദി ഇയാദ് പാടി:

ومما زادني شرفاً وعزا　　وكدت بأخمصي أطأ الثريا
دخولي تحت قولك يا عبادي　　وأن صيَّرت أحمد لي نبيًا

('എന്റെ ദാസന്മാരേ' എന്ന നിന്റെ വിളിയും അഹ്മദിനെ നീയെന്റെ പ്രവാചകനാക്കിയതുമാണ് എനിക്ക് മാന്യതയും പ്രതാപവും വർധിപ്പിച്ചതും, എന്റെ കാൽപ്പാദങ്ങളെ സുറയ്യാ നക്ഷത്രത്തിലേക്ക് ഉയർത്തിയതും). ●